"ഭരണഭാഷ മാതൃഭാഷ"

WCD/A4-7590/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 26.04.2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - PFMS (Public Financial Management System) നടത്തുന്ന പരിശീലന പരിപാടികളിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. വനിത ശിശു വികസന ഡയറക്ടർ പുറപ്പെടുവിച്ച 24.03.2021 ലെ WCD/A4/9791/2020 നമ്പർ ഉത്തരവ്
2. വനിത ശിശു വികസന ഡയറക്ടർ പുറപ്പെടുവിച്ച 31.03.2021 ലെ WCD/A4/9791/2020 നമ്പർ ഉത്തരവ്

2021-22 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ PFMS മുഖേന നടപ്പിലാക്കുന്നതിന് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാൻ പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിരുന്നു. പരാമർശം (2) പ്രകാരം 08.04.2021, 09.04.2021 എന്നീ തീയതികളിൽ ഓരോ ഏകദിന പരിശീലന പരിപാടിയും സംസ്ഥാന തലത്തിൽ സംഘടിപ്പിച്ചിരുന്നു.

നടപ്പു സാമ്പത്തിക വർഷം നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഈ വകുപ്പിൻ കീഴിലുള്ള കീഴ്ഘാര്യാലയങ്ങൾ മുഖേന നടപ്പിലാക്കേണ്ടതിനാൽ ജില്ലാതലങ്ങളിൽ ട്രെയിനിംഗ് സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ കൊവിഡ് സാഹചര്യം കണക്കിലെടുത്ത് ഓരോ ജില്ലയിൽ നിന്നും 35 മുതൽ 50 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഓരോ ഓൺലൈൻ ട്രെയിനിംഗ് PFMS ഡയറക്ടറേറ്റ് മുഖേന സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

03.05.2021 മുതൽ 21.05.2021 വരെ ഓൺലൈനായി നടത്തപ്പെടുന്ന ട്രെയിനിംഗ് ഷെഡ്യൂൾ താഴെ പറയുന്നു.

| ക്രമ നം. | തീയതി | പങ്കെടുക്കേണ്ട ജില്ല |
|---|---|---|
| 1 | 03.05.2021 | തിരുവനന്തപുരം |
| 2 | 04.05.2021 | എറണാകുളം |
| 3 | 05.05.2021 | കോഴിക്കോട് |
| 4 | 06.05.2021 | കൊല്ലം |
| 5 | 07.05.2021 | പത്തനംതിട്ട |
| 6 | 10.05.2021 | ആലപ്പുഴ |
| 7 | 11.05.2021 | കോട്ടയം |
| 8 | 12.05.2021 | ഇടുക്കി |
| 9 | 14.05.2021 | തൃശ്ശൂർ |
| 10 | 17.05.2021 | പാലക്കാട് |
| 11 | 18.05.2021 | മലപ്പുറം |
| 12 | 19.05.2021 | വയനാട് |
| 13 | 20.05.2021 | കണ്ണൂർ |
| 14 | 21.05.2021 | കാസർഗോഡ് |

ജില്ലാ ഓഫീസർമാർ ഏപ്രിൽ 8,9 തീയതികളിൽ നടത്തിയ ട്രെയിനിംഗിൽ പങ്കെടുത്ത ജില്ലാതല ഉദ്യോഗസ്ഥരെ നിർബന്ധമായും ഓൺലൈൻ ട്രെയിനിംഗിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഈ ജീവനക്കാർ കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ജില്ലാ ഓഫീസിൽ ഹാജരായി ട്രെയിനിംഗിൽ പങ്കെടുപ്പിക്കേണ്ടതാണ്. ഇവർക്കുപുറമെ ഒരു ജില്ലയിൽ നിന്നും 35-45 പേരെ കൂടി ഓൺലൈൻ ട്രെയിനിംഗിൽ പങ്കെടുപ്പിക്കേണ്ടതും അതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. മറ്റുള്ള ജീവനക്കാർ അതാത് കാര്യാലയങ്ങളിൽ കമ്പ്യൂട്ടർ സഹിതം ഓൺലൈൻ ട്രെയിനിംഗിൽ ഹാജരാകേണ്ടതാണ്. ഓൺലൈൻ ട്രെയിനിംഗ് ലിങ്ക് അതാത് ജില്ലാ ഓഫീസർമാരുടെ മെയിലിൽ അയച്ചിട്ടുണ്ട്.

ഓൺലൈൻ ട്രെയിനിംഗിൽ നിയോഗിക്കുന്ന എല്ലാ ജീവനക്കാരും പങ്കെടുക്കുന്നുണ്ടെന്ന് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

**PFMS Contact No. 9447190496, 7907885958, 9497782687**

**വിശ്വസ്തതയോടെ,**

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

P/21